# <u>കൊൽക്കത്ത പ്രഖ്യാപനം, 2018</u>
# <u>അഭയാർഥികളുടെയും കുടിയേറ്റക്കാരുടെയും പരിരക്ഷ</u>

അഭയാർഥികൾക്കും കുടിയേറ്റക്കാർക്കുമായി ഐക്യരാഷ്ട്ര സംഘടന രുപീകരിച്ച ന്യൂയോർക്ക് പ്രഖ്യാപനം (2016) ആ മേഖലയിൽ നിലവിലുള്ള അന്താരാഷ്ട്ര നിയമങ്ങളിൽ അഭയാർഥി, കുടിയേറ്റ പരിരക്ഷ ശക്തിപ്പെടുത്തുന്നതിനായുള്ള പുതിയ മുന്നേറ്റങ്ങൾ ആവശ്യമാണെന്ന് അംഗീകരിച്ചു. രണ്ടു പുതിയ ആഗോള കോംപാക്റ്റുകൾ (global compacts) — ഒന്ന് അഭയാർഥികൾക്കും മറ്റത് കുടിയേറ്റത്തിനും — നിർമിക്കാനും ധാരണയായി. ചില ചോദ്യങ്ങൾ എന്നാൽ ഉയരുന്നു: ഈ കോംപാക്റ്റുകൾ എത്ര വ്യത്യസ്തമായിരിക്കും? അവ സൃഷ്ടിക്കുന്ന വാഗ്ദാനങ്ങളും വൈരുദ്ധ്യങ്ങളും എന്താവും? കൊൽക്കത്തയിൽ നവംബർ 25, 2018 മുതൽ അഞ്ചു നാൾ നീണ്ടുനിന്ന സമ്മേളനത്തിൽ ഈ ചോദ്യങ്ങൾ ചർച്ച ചെയ്യപ്പെട്ടു. പതിനെട്ടു രാജ്യങ്ങളിൽ നിന്നും വന്ന നൂറോളം തത്പരർ പങ്കുചേർന്നു. മഹാനിർബൺ കൽക്കട്ട റിസർച്ച് ഗ്രൂപ്പ് നയിച്ച പരിപാടിയിൽ ജർമൻ സ്ഥാപനമായ റോസ ലക്സംബർഗ് സ്റ്റിഫ്റ്റുംഗും നിർണായക ഭാഗദേയം വഹിച്ചു. സമാപന ദിവസം (30 നവംബർ 2018) വിദഗ്ദ്ധരുമായുള്ള ചർച്ചകൾക്കുശേഷം കീഴെയുള്ള പ്രഖ്യാപനം സ്വീകരിക്കുകയും അതിന് 'കൊൽക്കത്ത പ്രഖ്യാപനം' എന്ന നാമധേയം നൽകുകയും ചെയ്തു.

✦ അഭയാർഥികളും കുടിയേറ്റക്കാരും ഇക്കഴിഞ്ഞ ദശകത്തിൽ നേരിട്ട പ്രതിസന്ധികൾ വിപുലവും ആഴമേറിയതുമാണ്. എന്നാൽ ഇവരെ പരിരക്ഷിക്കാനുള്ള അന്താരാഷ്ട്ര ശ്രമങ്ങൾ ബലഹീനമായി തുടരുന്നു. വർഷങ്ങളുടെ പ്രയത്നങ്ങൾക്കിപ്പുറവും അഭയാർഥികളും കുടിയേറ്റക്കാരും ലോകസമൂഹത്തിൻറെ പാർശ്വങ്ങളിൽത്തന്നെ നിലകൊള്ളുന്നു. മനുഷ്യാവകാശ സംരക്ഷണത്തിനായി അടുത്തിടെ അന്താരാഷ്ട്ര തലത്തിൽ രൂപം കൊണ്ട ചില സിദ്ധാന്തങ്ങൾ (ഉദാഹരണം: responsibility to protect) ഈ അർത്ഥത്തിൽ വിഫലമാണ്. ദശകങ്ങളായി നിലകൊള്ളുന്ന പ്രാദേശിക-അന്താരാഷ്ട്ര മനുഷ്യാവകാശ പ്രമാണങ്ങളുടെയും സ്ഥിതി ഇതുതന്നെ.

✦ അഭയാർഥി-കുടിയേറ്റ പ്രവാഹം മിശ്രിതവും വമ്പിച്ചതുമായി മാറുന്നതിനോടൊപ്പംതന്നെ ഈ അവസ്ഥയുടെ ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള രാജ്യങ്ങളുടെയും സർക്കാരുകളുടെയും വിമുഖതയും പ്രകടമാണ്. ഈ സാഹചര്യത്തിൽ ബിസിനസ്സ് ഉൾപ്പെടെ പല മേഖലകളെയും തത്പരകക്ഷികളെയും കണക്കിലെടുത്ത് തീർപ്പാക്കിയ ഐക്യരാഷ്ട്ര സംഘടനയുടെ ആഗോള കോംപാക്റ്റുകൾ അഭയാർഥി-കുടിയേറ്റ പരിരക്ഷയിലെ പഴയ സമീപനങ്ങൾ പുനഃപരിശോധിക്കാനുള്ള അവസരമായി ശ്രദ്ധയാകർഷിച്ചിരിക്കുന്നു.

✦ അഭയാർഥി-കുടിയേറ്റ പരിരക്ഷയുടെ ഭൂമിശാസ്ത്രം വിഭിന്നമാണ്. ഓരോ രാജ്യങ്ങളുടെയും സമീപനവും നയങ്ങളുമനുസരിച്ച് പരിരക്ഷയുടെ ശക്തി കൂടുകയും കുറയുകയും ചെയ്യുന്നു. എന്നിരിക്കെ അഭയാർഥികളും കുടിയേറ്റക്കാരും ഇന്ന് ആഗോള സമ്പദ്ഘടനയുടെ ഭാഗമാണ്. അതുകൊണ്ടുതന്നെ ഈ പുതിയ യുഎൻ സംരംഭം അഭയാർഥികളെയും കുടിയേറ്റക്കാരെയും ആഗോള വികസനത്തിന്റ വിഷയമായി പരിഗണിക്കുന്നു.

✦ വംശം, മതം, ജാതി, ലിംഗം, ലൈംഗികത, കഴിവ്, വിഭവശേഷി എന്നിവ ആധാരമായുള്ള വിവേചനവും പുറംതള്ളലും സ്വീകാര്യമല്ല. ഇത്തരത്തിലുള്ള അസമത്വങ്ങൾ അഭയാർഥികളെയും കുടിയേറ്റക്കാരെയും രാഷ്ട്രരഹിത (stateless) സ്ത്രീകളെയും ആഴത്തിൽ ബാധിക്കുകയും അവരുടെ വ്യക്തിത്വം, ആത്മനിഷ്ഠത, പൗരത്വം, രാഷ്ട്രീയ-സാമൂഹിക തീരുമാനങ്ങൾ എടുക്കാനുള്ള കഴിവ് എന്നിവ ദുർബലമാക്കുകയും ചെയ്യുന്നു.

✦ മേൽപ്പറഞ്ഞ അഭയാർഥി-കുടിയേറ്റ സാഹചര്യങ്ങൾ ചില വസ്തുതകൾ തുറന്നുകാട്ടുന്നു: (1) അഭയാർഥികൾ, നിർബന്ധിത കുടിയേറ്റത്തിന്റെ മറ്റ് ഇരകൾ, അനധികൃത കുടിയേറ്റക്കാർ, ഐഡിപി (internally displaced persons) എന്നിവരുടെ അവസ്ഥകൾ തമ്മിലുള്ള സമാനതകൾ; (2) അഭയാർഥികൾ ഇടപെടുന്ന സമ്പദ്‌വ്യവസ്ഥയും അനൗപചാരിക സമ്പദ്‌വ്യവസ്ഥയും തമ്മിലുള്ള സാമീപ്യം; (3) ഔപചാരിക-അനൗപചാരിക തൊഴിലുകൾ തമ്മിലുള്ള കൂടിച്ചേരലുകൾ; (4) അഭയാർഥികളും കുടിയേറ്റക്കാരും ദേശീയ-ആഗോള സമ്പദ്‌വ്യവസ്ഥകളുടെ ഭാഗമാവുകയും അതേസമയം ജനാധിപത്യ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കപ്പെടുന്നതുമായ അവസ്ഥ; (5) അഭയാർഥികളെ സൃഷ്ടിക്കുന്നതിൽ വംശം, മതം, ലിംഗം, വിഭവശേഷി എന്നിവയുടെ കൈകോർക്കൽ; (6) തൊഴിൽ അവകാശങ്ങൾ, രാഷ്ട്രീയ അവകാശങ്ങൾ, നീതിയുടെ മാനദണ്ഡങ്ങൾ എന്നിവ കൂട്ടിച്ചേർക്കുന്നതിന്റെ അനിവാര്യത; (7) നിലവിലെ അഭയാർഥി-കുടിയേറ്റ പരിരക്ഷ വ്യവസ്ഥയെ നീതിയുടെയും സ്വാതന്ത്ര്യത്തിന്റെയും വ്യവസ്ഥകൾക്ക് വിധേയമാക്കുന്നതിന്റെ ആവശ്യകത.

✦ ഒരു പക്ഷെ, മേൽ പറഞ്ഞ വർത്തമാന സാഹചര്യത്തിന്റെ ഏറ്റവും ശക്തമായ മുഖമുദ്ര രാഷ്ട്രരഹിതരുടെ ആഗോള സാന്നിധ്യമാണ്. എല്ലാ മനുഷ്യരും ഏതെങ്കിലും രാജ്യത്തിന്റെ അംഗമാണ് എന്നതാണ് പൊതുവായ കാഴ്ചപ്പാടെങ്കിലും രാഷ്ട്രരഹിതത്വം (statelessness) എന്ന യാഥാർത്ഥ്യം ഈ കാഴ്ചപ്പാടിലെ ന്യൂനത തുറന്നുകാട്ടുന്നു. രാഷ്ട്രരഹിതർ ഒരു രാജ്യത്തിന്റെയും പരിരക്ഷയൊ പൗരത്വമൊ അനുഭവിക്കാതെ അരക്ഷിതരായി ജീവിക്കുന്നു. രാഷ്ട്രരഹിതത്വം പരിഹരിക്കാൻ അന്താരാഷ്ട്ര നിയമങ്ങൾ നിലനിൽക്കെത്തന്നെ ലോകത്തിന്റെ പല ഭാഗങ്ങളിൽ ആ ദുരനുഭവം തുടരുകയും അഭയാർഥികളെ ബാധിക്കുകയും ചെയ്യുന്നു. നീണ്ട കാലം അഭയാർഥികളായി അന്യരാജ്യങ്ങളിൽ തുടരുന്നവർ പലപ്പോഴും രാഷ്ട്രരഹിതരായി പരിണമിക്കുന്നു. അങ്ങനെ അഭയാർഥികൾ, രാഷ്ട്രരഹിതർ എന്നുള്ള തരംതിരിക്കൽ അർത്ഥശൂന്യമാകുന്നു. കൂടാതെ, നീണ്ട കാലമായി ഒരു രാജ്യത്ത് വസിക്കുകയും അതിന്റെ പൗരത്വം അനുഭവിച്ചുപോരുന്നതുമായ വ്യക്തികളും വിഭാഗങ്ങളും പൗരത്വനയങ്ങളിലെ മാറ്റങ്ങൾ കാരണം പലപ്പോഴും അഭയാർഥികളാകാതെതന്നെ രാഷ്ട്രരഹിതരാകുന്നു. രാഷ്ട്രരഹിതത്വത്തിന്റെ ചരിത്രപരമായ കാരണം രാജ്യങ്ങളുടെ പുനഃരൂപീകരണമായിരുന്നെങ്കിൽ ഇന്ന് അതിന്റെ പ്രേരകഘടകങ്ങളാകുന്നത് ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള പീഡനങ്ങളും ഏറിവരുന്ന ഭൂരിപക്ഷ പക്ഷപാതവുമാണ്.

✦ ദക്ഷിണേഷ്യയിലെ സാഹചര്യം ഉദാഹരണമാകുന്നു. ദക്ഷിണേഷ്യൻ രാജ്യങ്ങൾ തമ്മിലുള്ള ബന്ധങ്ങളിൽ അതിർത്തി തർക്കങ്ങളും അതിർത്തികൾ താണ്ടി മനുഷ്യർ നടത്തുന്ന നീക്കങ്ങളും നിർണായകമാണ്. ഈ പ്രദേശത്തെ പല രാജ്യങ്ങളും അവരുടെ പൗരത്വ മാനദണ്ഡങ്ങൾ പുനരാവിഷ്കരിക്കുകയും കൂടുതൽ കർക്കശമാക്കുകയും ചെയ്തതോടെ അവരുടെ പാർശ്വങ്ങളിൽ രാഷ്ട്രരഹിതത്വമോ അതുണ്ടാവാനുള്ള സാഹചര്യങ്ങളോ സൃഷ്ടിക്കപ്പെട്ടു. ഇതിനു പുറമെ ദക്ഷിണേഷ്യയിൽ രാഷ്ട്രരഹിതത്വം

വളർത്താൻ ശേഷിയുള്ള മറ്റൊരു സന്ദർഭവുമുണ്ട്: തൊഴിൽ തേടിയുള്ള കുടിയേറ്റം. ഇങ്ങനെയുള്ള കുടിയേറ്റം വൻതോതിലും ഔദ്യോഗികവും അനൗദ്യോഗികവുമായ മാർഗങ്ങളിലൂടെയും നടക്കുന്ന സാഹചര്യത്തിൽ ചില രാജ്യങ്ങൾ അവരുടെ പൗരരെ തിരികെ ആവശ്യപ്പെടുന്നു. ഈ ആവശ്യം അയൽരാജ്യങ്ങൾ നിഷേധിക്കുമ്പോൾ മേൽ പറഞ്ഞ പൗരർ രാഷ്ട്രരഹിതരാവുന്ന സ്ഥിതിവിശേഷം കാണപ്പെടുന്നു.

✦ രാഷ്ട്രരഹിതത്വം പരിഹരിക്കാൻ നിലവിലുള്ള അന്താരാഷ്ട്ര നിയമവ്യവസ്ഥ പരാജയപ്പെടുന്ന ഈ സാഹചര്യത്തിൽ ദക്ഷിണേഷ്യ പോലുള്ള പോസ്റ്റ്കൊളോണിയൽ പ്രദേശങ്ങളുടെ അനുഭവങ്ങൾ കൂടുതൽ ശ്രദ്ധയർഹിക്കുന്നു. ഈ അനുഭവങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു സമീപനം നിലവിലുള്ള നിയമവ്യവസ്ഥയെ ശക്തമാക്കിയേക്കാം. ജുഡീഷ്യൽ അനുഭവങ്ങളിലെയും ദേശീയ-അന്തർദ്ദേശീയ നിയമങ്ങളിലെയും വൈവിധ്യം കണക്കിലെടുത്ത് ഉചിതമായ പ്രാദേശിക നിയമങ്ങൾ രൂപീകരിക്കേണ്ട ആവശ്യകത പോസ്റ്റ്കൊളോണിയൽ പ്രദേശങ്ങളുടെ അനുഭവങ്ങൾ ചൂണ്ടിക്കാട്ടുന്നു.

✦ ഏഷ്യയിലെ അഭയാർഥി പ്രതിസന്ധികൾ മുമ്പൊരിക്കലുമില്ലാത്ത വിധം വർധിച്ചിരിക്കുന്നു. ഇറാഖ്, സിറിയ, ഇസ്രായേൽ-പലസ്തീൻ, യെമൻ, അഫ്ഗാനിസ്ഥാൻ, മധ്യേഷ്യ, കോക്കസസ് എന്നിവിടങ്ങളിൽ യുദ്ധങ്ങൾ തുടരുന്നു. ദക്ഷിണേഷ്യ, തെക്കുകിഴക്കൻ ഏഷ്യ, ഇന്ത്യൻ മഹാസമുദ്ര മേഖല എന്നിവിടങ്ങളിൽ ജനവിഭാഗങ്ങൾ പുറന്തള്ളപ്പെടുകയും അവരുടെ പൗരത്വം നിഷേധിക്കപ്പെടുകയും ചെയ്യുന്നു. മ്യാൻമറിൽ നിന്നുത്ഭവിച്ച റോഹിൻഗ്യൻ പലായനം ഈ അവസ്ഥയുടെ ഏറ്റവും പുതിയ ഉദാഹരണമാണ്. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ വിഭജനം സൃഷ്ടിച്ച സമാനതകളില്ലാത്ത അഭയാർഥി-കുടിയേറ്റ സാഹചര്യത്തിനു പിന്നാലെയാണ് ഈ പ്രതിസന്ധികൾ ഉണ്ടായത്. അഭയാർഥികൾ, കുടിയേറ്റ തൊഴിലാളികൾ, മനുഷ്യക്കടത്തിനിരയായ സ്ത്രീകൾ, പെൺകുട്ടികൾ, കുഞ്ഞുങ്ങൾ എന്നിവർ ഈ പ്രതിസന്ധികളുടെ സൃഷ്ടികളാണ്. ഇതിനു പുറമെ മലേഷ്യ, ഇന്ത്യ, തുർക്കി പോലുള്ള രാജ്യങ്ങളിലേക്ക് മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ നിന്നും കുടിയേറ്റ തൊഴിലാളികൾ വന്നെത്തുന്നു. ഇതിനോടു ചേർന്ന് കർശന അതിർത്തി നിയന്ത്രണങ്ങൾ, അക്രമാസക്തമായ അതിർത്തി പ്രദേശങ്ങൾ, തൊഴിലവകാശങ്ങളുടെയും ഉപജീവനത്തിനാവശ്യമായ വേതനത്തിന്റെയും അസാന്നിധ്യം എന്നിവ സൃഷ്ടിക്കപ്പെടുന്നു. അഭയാർഥികൾ, കുടിയേറ്റക്കാർ, രാഷ്ട്രരഹിതർ എന്നിവരെ പരിരക്ഷിക്കാനുള്ള ആഗോള വ്യവസ്ഥ പുനഃപരിശോധിക്കേണ്ടിയിരിക്കുന്നു എന്ന് ഏഷ്യൻ സാഹചര്യം ആവശ്യപ്പെടുന്നു.

✦ അഭയാർഥികൾ, രാഷ്ട്രരഹിതർ, തൊഴിൽ കുടിയേറ്റക്കാർ, ഐഡിപി എന്നിവരുടെ പരിരക്ഷയും ആത്മാഭിമാനവും ഉയർത്തിക്കാട്ടാൻ കൂടുതൽ ശ്രമങ്ങൾ ആവശ്യമാണെന്ന് ഏഷ്യൻ സാഹചര്യം നമ്മെ നിസ്സംശയം ബോധിപ്പിക്കുന്നു. രാജ്യങ്ങൾക്കകത്തും പുറത്തും പല തലങ്ങളിൽ ഈ വിഷയം ചർച്ച ചെയ്യപ്പെടണമെന്നും ഏഷ്യൻ സാഹചര്യം നമ്മെ ഓർമിപ്പിക്കുന്നു.

**<u>പ്രഖ്യാപനം</u>**

1. സ്വന്തം പ്രദേശം വിട്ട് നീങ്ങാനുള്ള അവസരം ഒരു സാർവത്രിക മനുഷ്യാവകാശമാണ്. ഈ അവകാശം വ്യക്തികളുടെ ആത്മാഭിമാനം ലംഘിക്കുന്ന യാതൊരു നയങ്ങളാലൊ നടപടികളാലൊ പരിമിതപ്പെടരുത്.
2. അഭയാർഥികൾ, കുടിയേറ്റക്കാർ, രാഷ്ട്രരഹിതർ, ഐഡിപി എന്നിവർ പരിരക്ഷ സംവിധാനങ്ങൾ, നിയമ വ്യവസ്ഥകൾ, സർക്കാരുകൾ, സാമൂഹിക സ്ഥാപനങ്ങൾ എന്നിവയിൽ കേന്ദ്ര വിഷയങ്ങളാകണം.
3. ആഗോള കോംപാക്റ്റ് എന്ന ആശയം പ്രാദേശിക പരിരക്ഷ രീതികളെ അംഗീകരിക്കണം. സുസ്ഥിര പരിഹാരങ്ങൾ ലക്ഷ്യം വെയ്ക്കുന്ന ഏതൊരു ആഗോള കോംപാക്റ്റും അഭയാർഥികൾ, കുടിയേറ്റക്കാർ, രാഷ്ട്രരഹിതർ എന്നിവർ പങ്കാളികളായ സംഭാഷണങ്ങളിൽ അധിഷ്ഠിതമാകണം. ഈ വിഭാഗങ്ങളെ പിന്തുണയ്ക്കുന്ന വ്യക്തികളും സംഘടനകളും ഈ സംഭാഷണങ്ങളിൽ പങ്കാളികളാകണം.
4. വംശം, മതം, ജാതി, കഴിവ്, ലിംഗം, ലൈംഗികത എന്നിവ ആധാരമായുള്ള വിവേചനങ്ങൾ മനുഷ്യരുടെ അവകാശങ്ങളെയും ആത്മാഭിമാനത്തെയും ബാധിക്കുന്നു. ആഗോളമൊ പ്രാദേശികമൊ ആയ ഏത് പരിരക്ഷ സംവിധാനവും ഇത്തരം വിവേചനങ്ങൾക്കെതിരെ പോരാടണം.
5. പരിരക്ഷയുടെ ആഗോള സംവിധാനത്തിന് പുതിയ രൂപം നൽകുന്ന വേളയിൽ അക്രമവും അതിലൂടെ അഭയാർഥികളെയും നിർബന്ധിത കുടിയേറ്റക്കാരെയും സൃഷ്ടിക്കുന്നവരുടെ ഉത്തരവാദിത്തം തീർച്ചപ്പെടുത്തണം.
6. അനൗപചാരിക മേഖലയിൽ തൊഴിലെടുക്കുന്ന അഭയാർഥികളും കുടിയേറ്റക്കാരും രാഷ്ട്രരഹിതരും സാമൂഹികവും സാമ്പത്തികവുമായ അവകാശങ്ങൾക്ക് ഉടമസ്ഥരാണ്.
7. രാഷ്ട്രരഹിതർക്ക് പരിരക്ഷയിൽ മുൻഗണന ലഭിക്കണം. അവരുടെ പൗരത്വം പുനഃസ്ഥാപിക്കുന്നത് ഒരു ആഗോള ഉത്തരവാദിത്തമാണ്.
8. ഏഷ്യയിലെ വ്യാപകമായ നിർബന്ധിത കുടിയേറ്റത്തിന്റെയും രാഷ്ട്രരഹിതത്വത്തിന്റെയും പശ്ചാത്തലത്തിൽ പരിരക്ഷയെ പുതുക്കിപ്പണ്ണിയുമ്പോൾ ആഫ്രിക്കൻ രാജ്യങ്ങൾ രൂപം നൽകിയ മനുഷ്യാവകാശ പ്രസ്താവനയും (African Charter on Human and People's Rights) അതു സൃഷ്ടിച്ച പ്രാദേശിക വ്യവസ്ഥയും സ്ഥാപനങ്ങളും ഏറെ ശ്രദ്ധയർഹിക്കുന്നു. ഇവ സംഭാവന ചെയ്ത പരിരക്ഷ വ്യവസ്ഥയ്ക്ക് സമാനമായൊന്നാണ് ഏഷ്യയ്ക്കും ആവശ്യം. ഈ രീതിയിലുള്ള ഒരു ഏഷ്യൻ പ്രസ്താവനയിൽ എല്ലാ മനുഷ്യരുടെയും ആത്മാഭിമാനവും ആവകാശങ്ങളും ഉറപ്പാക്കുന്നതിന്റെ ഭാഗമായി അഭയാർഥികൾ, കുടിയേറ്റക്കാർ, രാഷ്ട്രരഹിതർ എന്നിവരുടെ തൊഴിലവകാശം ഉൾപ്പെടെയുള്ള മൗലികാവകാശങ്ങൾ പ്രത്യേകം രേഖപ്പെടുത്തണം.

പങ്കുചേരുന്നവർ:

അഭിജിത് സെൻ (ഇന്ത്യ); സുദീപ് ബസു (ഇന്ത്യ); താനിയ ദാസ് (ഇന്ത്യ); ലോറൻസ് ജുമ (ദക്ഷിണാഫ്രിക്ക); അപല കുണ്ടു (ഇന്ത്യ); അദിതി മുഖർജി (ഇന്ത്യ); സമരേഷ് ഗുചൈറ്റ് (ഇന്ത്യ), സുനിൽ കുമാർ കുണ്ടു (ഇന്ത്യ); എസിയോ പുഗ്ലിയ (ഇറ്റലി); അന്ന ഡാനേരി (ഇറ്റലി); മഹാപ്രഭു സെൻ (ഇന്ത്യ); സ്റ്റെഫനി ക്രോൺ (ജർമനി); സുഭാഷ് ഹാൽദർ (ഇന്ത്യ); ദേബാശിഷ് ദാസ് (ഇന്ത്യ); ശുവോജിത് ബാഗ്ചി (ഇന്ത്യ); നീലാഞ്ചന ചക്രബർത്തി (ഇന്ത്യ); ആന്റ്ജെ സ്റ്റീബിറ്റ്സ് (ജർമനി); പി. ദത്ത റേ (ഇന്ത്യ); രാജ്കുമാർ നാഗരാജ (ശ്രീലങ്ക); ജസിന്ത കോയൽഹോ (ഓസ്ട്രേലിയ); മെലിസ ഷു (ഓസ്ട്രേലിയ); ദിശ ഘോഷ് (ഇന്ത്യ); രുചിക ഗുപ്ത (ഇന്ത്യ); ജ്യോത്സ്ന ശ്രീവാസ്തവ (ഇന്ത്യ); ശാന്തി സർക്കാർ (ഇന്ത്യ); രണബീർ സമദ്ദർ (ഇന്ത്യ); സോം നിരോല (നേപ്പാൾ); മുജിബ് അഹ്മദ് അസീസി (അഫ്ഗാനിസ്ഥാൻ); ജെന്നിഫർ ഹിന്ഡ്മാൻ (കാനഡ); വില്യം വാൾട്ടേഴ്സ് (കാനഡ); ഇട്ടി അബ്രഹാം (സിംഗപ്പൂർ); ജുംപ ബോസ് (ഇന്ത്യ); ഡേവിഡ് ന്യൂമാൻ (ഇസ്രായേൽ); സുചരിത സെൻഗുപ്ത (ഇന്ത്യ); റാണു ബസു (കാനഡ); ഫെഡറിക്കോ റഹോള (ഇറ്റലി); അരൂപ് കുമാർ സെൻ (ഇന്ത്യ); അങ്കിത മന്ന (ഇന്ത്യ); അശോക് കുമാർ ഗിരി (ഇന്ത്യ); നസ്രീൻ ചൗധരി (ഇന്ത്യ); ജി.എം. അരിഫുസ്സമാൻ (ബംഗ്ലാദേശ്); സജീദ് അഹമ്മദ് ഫാഹുർദീൻ (ശ്രീലങ്ക); ബുദ്ധ സിംഗ് കെപ്ചാക്കി (നേപ്പാൾ); സോംദത്ത ചക്രവർത്തി (ഇന്ത്യ); മൗസുമി ചേതിയ (ഇന്ത്യ); എം. ഇബ്രാഹിം വാനി (ഇന്ത്യ); ശ്യാമളേന്ദു മജുംദാർ (ഇന്ത്യ); സഞ്ജ ബോജാനിക് (ക്രൊയേഷ്യ); ഏഞ്ചല സ്മിത്ത് (ഓസ്ട്രേലിയ); രാജ് കുമാർ മഹാത്തോ (ഇന്ത്യ); റോമ സിംഗ് (ഇന്ത്യ); മേഘ സിംഗ് (ഇന്ത്യ); സ്വാതിലേഖ ഭട്ടാചാര്യ (ഇന്ത്യ); മിഷേൽ ചെൻ (ഓസ്ട്രേലിയ); വി.കെ. ത്രിപാഠി (ഇന്ത്യ); പോലോ നോവാക് (യുണൈറ്റഡ് കിംഗ്ഡം); ശ്രീതപ ചക്രവർത്തി (ഇന്ത്യ); രശ്മി ബാനർജി (ഇന്ത്യ); എസ്. ഇറുദയ രാജൻ (ഇന്ത്യ); സബ്യസാചി ബസു റായ് ചൗധരി (ഇന്ത്യ); മൈക്കൽ ഫെയ്നർ (ഇന്ത്യ); സമത ബിശ്വാസ് (ഇന്ത്യ); അജിത് കുമാർ പങ്കജ് (ഇന്ത്യ); ഗിയോർഗിയ ഡോണ (യുണൈറ്റഡ് കിംഗ്ഡം); രജത് റോയ് (ഇന്ത്യ); ജനൈന ഗാൽവാവോ (ബ്രസീൽ); മതൻ കാമിനർ (യുഎസ്എ); ഇന്ദ്രജീത് മജുംദാർ (ഇന്ത്യ); സാഗർ ബിശ്വാസ് (ഇന്ത്യ); ദേബാഞ്ചൻ കാർ (ഇന്ത്യ); ഐ. ആചാര്യ (ഇന്ത്യ); തൻമോയ് മലകർ (ഇന്ത്യ); സിബാജി പ്രതിം ബസു (ഇന്ത്യ); കട്ജ വോസ് (ജർമനി); ജോർഗ് ഷുൾട്സ് (ജർമനി); അദിതി സബ്ബർവാൾ (ഇന്ത്യ); സുശീൽ കുമാർ (ഇന്ത്യ); ശിബാശിഷ് ചാറ്റർജി (ഇന്ത്യ); അമിതാഭ ഭട്ടസാലി (ഇന്ത്യ); പ്രസാന്ത റേ (ഇന്ത്യ); അനസൂയ ബസു റായ് ചൗധരി (ഇന്ത്യ); സിപ്ര മുഖർജി (ഇന്ത്യ); കെ. ബന്ദോപാധ്യായ (ഇന്ത്യ); രൂപ്ശ്രീ ജോഷി (നേപ്പാൾ); അബ്ദുൾ കലാം ആസാദ് (ഇന്ത്യ); ബിനീത കുമാരി (ഇന്ത്യ); സഹാന ബസവപത (ഇന്ത്യ); സുദീപ്ത സെൻഗുപ്ത (ഇന്ത്യ); പെറ്റാർ ബൊജാനിക് (സെർബിയ); ഐയ്സ് കാഗ്ലർ (ഓസ്ട്രിയ); മേഘ്ന ഗുഹതാകുർത്ത (ബംഗ്ലാദേശ്); ഐറീൻ പീനോ (പോർച്ചുഗൽ); റാബിൻ ഡോ (ഇന്ത്യ); ശതാബ്ദി ദാസ് (ഇന്ത്യ); ഷഹനാജ് റാണു (ഇന്ത്യ);സഞ്ജിദ ജെസ്മിൻ (ഇന്ത്യ); ഉർമി മുഖോപാധ്യായ (ഇന്ത്യ); അനിത സെൻഗുപ്ത (ഇന്ത്യ); പ്രിയ സിംഗ് (ഇന്ത്യ); രത്തൻ ചക്രബർത്തി (ഇന്ത്യ); സുഭശ്രീ റൗട് (ഇന്ത്യ).